# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

### ബുള്ളറ്റിൻ ഭാഗം - 2

### 2020 ജനുവരി 28

**നമ്പർ: 819**

## സഭ മുമ്പാകെ വരുന്നതിന് ദിവസം നിശ്ചയിച്ചിട്ടില്ലാത്ത ഉപക്ഷേപം

## (No-Day-Yet-Named Motion)

ശ്രീ.രമേശ് ചെന്നിത്തല
പ്രതിപക്ഷനേതാവ്

"പാർലമെന്റ് പാസ്സാക്കിയ 2019-ലെ പൗരത്വ ഭേദഗതി നിയമം റദ്ദാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് കേരള നിയമ സഭ 31.12.2019-ന് കേന്ദ്ര സർക്കാരിനോട് ഒരു പ്രമേയം വഴി ഐകകണ്ഠ്യേന അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത പ്രമേയ ത്തിന് നിയമപരമോ ഭരണഘടനാപരമോ ആയ യാതൊരു നില നിൽപ്പും ഇല്ലെന്നും അത് ഭരണഘടനാ വിരുദ്ധമാണെന്നും പ്രസ്തുത പ്രമേയം പാസ്സാക്കുക വഴി കേരള നിയമസഭ അതിന്റെ സമയവും നികുതിപ്പണവും പാഴാക്കുകയാണ് ചെയ്ത തെന്നും കേരള ഗവർണർ പരസ്യമായി പ്രഖ്യാപിക്കുകയും, നിയമസഭയുടെ നടപടിയെ വിമർശിക്കുകയും ചെയ്തിരിക്കു ന്നു. നിയമസഭാ സ്പീക്കറുടെ അനുമതിയോടെ സഭ ചർച്ച ചെയ്ത് പാസ്സാക്കിയ ഒരു പ്രമേയത്തെ നിയമസഭയുടെ തന്നെ ഭാഗമായ ഗവർണ്ണർ തള്ളിപ്പറഞ്ഞതിലൂടെ സഭയുടെ അന്ത സ്സിനെ ചോദ്യം ചെയ്യുകയും അതിലൂടെ നിയമസഭയുടെ പ്രത്യേക അധികാരാവകാശങ്ങളെ ഹനിക്കുകയുമാണ് ചെയ്തി ട്ടുള്ളത്. ആയതിനാൽ കേരള നിയമസഭയുടേയും, കേരള ത്തിലെ പൊതുസമൂഹത്തിന്റെയും പൊതുവികാരത്തിനെതി രായി പരസ്യനിലപാട് സ്വീകരിക്കുന്ന കേരളാ ഗവർണറെ അടി യന്തരമായി മടക്കിവിളിക്കണമെന്ന് രാഷ്ട്രപതിയോട് അഭ്യർത്ഥിക്കുന്ന കാര്യം ഈ സഭ ചർച്ച ചെയ്യണം".

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.